**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.12.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.12.2015-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1206** തദ്ദേശഭരണ സ്ഥാപനങ്ങൾ **1467.86** കോടി രൂപ (**24.15**%) ചെലവഴിച്ചതായും ഇതിൽ **978** ഗാമപഞ്ചായത്തുകൾ **862.32** കോടി രൂപയും (**27.12**%),**151** ബ്ലോക്ക് പഞ്ചായത്തുകൾ **184.75** കോടി രൂപയും **(25.22%),14** ജില്ലാ പഞ്ചായത്തുകൾ **175.71**കോടി രൂപയും (**19.35**%), **58**മുനിസിപ്പാലിറ്റികൾ **145.04** കോടി രൂപയും, (**22.65**%), **5** കോർപ്പറേഷനുകൾ **100.01** കോടി രൂപയും (**24**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗരേഖയും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16.11.2013-ലെ ജി.ഒ.(എം.എസ്)362/2013 നമ്പർ ഉത്തരവായി പുറപ്പെടുവിച്ച മാർഗരേഖയുടെ പരിഷ്ക്കരിച്ച കരട് അംഗീകാരത്തിനായി കില തയ്യാറാക്കി സമർപ്പിച്ചത് ചർച്ച ചെയ്യുകയും താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സബ്കമ്മിറ്റി രൂപീകരിക്കുകയും 26.12.2015 ഉച്ചയ്ക്ക് 12 മണിക്ക് കിലയിൽ വച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.സി.പി.ജോൺ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ ശ്രീ.എസ്. ദിവാകരൻ പിള്ള, ഗ്രാമവികസന വകുപ്പിൽ നിന്നും ശ്രീ.പി.കെ. മോഹനൻ (ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ) ശ്രീ.ജി.കൃഷ്ണകുമാർ (അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ) ശ്രീ.അബ്ദുൾ ബഷീർ.പി.കെ (ഐ.കെ.എം) എസ്.ആർ.ജി.അംഗങ്ങളായ ശ്രീ.കെ.എസ്. ഹലീൽ റഹിമാൻ, ശ്രീ. എം.സിറാജ് കുഞ്ഞ്, ശ്രീമതി. എൻ.പ്രസന്ന കുമാരി (ചീഫ് ഇൻ ചാർജ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്), ശ്രീമതി. എസ്. ലത (അഡീഷണൽ ഡയറക്ടർ പഞ്ചായത്ത്), ശ്രീ.കെ.പി. സാബു. (ജോയിന്റ് ഡയറക്ടർ പഞ്ചായത്ത്) ശ്രീ. ജയകൃഷ്ണൻ (ജോയിന്റ് ഡയറക്ടർ അർബൻ അഫയേഴ്സ്), ശ്രീ. അരുണഗിരി (ജോയിന്റ് ഡയറക്ടർ എസ്.സി വിഭാഗം) ശ്രീ.പത്മരാജൻ (ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ, എസ്.റ്റി വിഭാഗം കോഴിക്കോട്)

**2.3** 30.09.2015-ലെ പൊതു വിഷയങ്ങൾ 2.3 പ്രകാരം അംഗൻവാടി വർക്കർമാർക്ക് ഇപ്പോൾ 6600 രൂപ പ്രതിമാസം വേതനം നൽകുന്നത് 01.01.2016 പ്രാബല്യത്തിൽ 10000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു.

അംഗൻവാടി ഹെൽപ്പർമാരുടെ വേതനം പ്രതിമാസം 7000 രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനുമായി ബന്ധപ്പെട്ട് വകുപ്പ് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.4** 9.12.2015-ലെ പൊതു വിഷയങ്ങൾ 2.3 പ്രകാരം സേവാഗ്രാം/ ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച് വ്യക്തവും വിശദവുമായ സർക്കുലർ പുറപ്പെടുവിക്കുന്നതുവരെ മറ്റ് നടപടികൾ തൽക്കാലം നിർത്തി വയ്ക്കാൻ ഗ്രാമപഞ്ചായത്തുകളോട്/നഗരഭരണ സ്ഥാപന ങ്ങളോട് നിർദ്ദേശിച്ചു തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് പ്ലാനിംഗ്

ബോർഡ് വൈസ് ചെയർമാന്റെ അഭിപ്രായം കൂടി തേടിയതിനുശേഷം ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 പുത്തൻചിറ ഗ്രാമപഞ്ചായത്ത് (ഫയൽനം.833/ഡി.ബി3/15/തസ്വഭവ)**

ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും കൂടി ചേർന്ന് സംയുക്തമായി നടത്തിയ പ്രോജക്ടിന്റെ കാര്യത്തിൽ ആവശ്യമായ തീരുമാനം ബന്ധപ്പെട്ട പഞ്ചായത്തുകൾ തന്നെ കൈക്കൊള്ളേണ്ടതാണെന്നും കോഓർഡിനേഷൻ കമ്മിറ്റി ഇത് പരിഗണിക്കേണ്ട വിഷയമല്ലെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പുളിമാത്ത് ഗ്രാമ പഞ്ചായത്ത് (ഫയൽ നം.832/ഡി.ബി3/15)**

ബഡ്സ് സ്ക്കൂളുകൾക്ക് വാഹനം അനുവദിക്കണമെന്ന ആവശ്യം കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ യുക്തമായ വാഹനം വാങ്ങുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്(ബഹു.തരൂർ എം.എൽ.എ ശ്രീ. എ.കെ. ബാലൻ മുഖേന) (ഫയൽ.നം.206/ഡി.എ3/15/തസ്വഭവ)**

മൂന്നര ലക്ഷം രൂപ തനത് ഫണ്ട് വിനിയോഗിച്ച് ഡോക്യുമെന്റേഷൻ ചെയ്യുന്നതിനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു. എന്നാൽ ഇത് സംബന്ധിച്ച് കിലയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള മുൻ ഉത്തരവ് ബാധകമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.462/ഡി.ഡി.1/15/തസ്വഭവ)**

5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പദ്ധതി ഏറ്റെടുക്കാൻ പ്രത്യേക അനുമതി നൽകണമെന്നുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 വേളൂക്കര ഗ്രാമപഞ്ചായത്ത് (ഫയൽനം.688/ഡി.എ2/15/തസ്വഭവ)**

ടെണ്ടർ നടപടികളില്ലാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി സിഡ്കോയെ എൽപ്പിച്ച പ്രകാരമുള്ള ഫൈനൽ ബിൽ നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽനം.201/ഡി.എ2/15/തസ്വഭവ)**

ഡി.പി.സിയുടെ അംഗീകാരം ഇല്ലാതെ ഗുണഭോക്തൃ സമിതികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിന് അധികമായി ഈടാക്കിയ തുക തിരികെ നൽകണമെന്ന ആവശ്യം പുതിയ ഡി.പി.സി.യിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കോഴിക്കോട് ജില്ലാപഞ്ചായത്ത് (ഫയൽനം 835/ഡി.ബി3/15/തസ്വഭവ)**

കൂത്താളി കൃഷി ഫാമിൽ വെറ്ററിനറി ഡോക്ടറെ കൊണ്ടു വരുന്നതിനും മറ്റ് ഓഫീസ് അനുബന്ധ ആവശ്യങ്ങൾക്കും ജീപ്പ് വാങ്ങാൻ അനുമതി നൽകണമെന്ന

ആവശ്യം അടിയന്തിര ഘട്ടങ്ങളിൽ ടാക്സി ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഗ്രാമവികസന കമ്മീഷണറുടെ കത്ത് (ഫയൽനം.637/ഡി.ബി.3/15/തസ്വഭവ)**

കോന്നി ബ്ലോക്ക് പഞ്ചായത്തിലെ താലൂക്ക് ആശുപത്രിയിൽ എം.എൽ.എ ഫണ്ടിൽ നിന്നും നൽകുന്ന ആംബുലൻസിന്റെ ആവർത്തന ചെലവുകൾ എച്ച്.എം.സി. തന്നെ വഹിക്കണമെന്ന 30.09.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.1 തീരുമാനം മാറ്റേണ്ടതില്ലെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ശാസ്താം കോട്ട ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.844/ഡി.ബി.3/15/തസ്വഭവ)**

അനുപൂരക പോഷകാഹാര പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിച്ച റീഇംപേഴ്സ്മെന്റ് തുക ഉപയോഗിച്ച് വാഹനം വാങ്ങുന്നതിനുള്ള അനുമതി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ബഹു. മാവേലിക്കര എം.പി. ശ്രീ. കൊടിക്കുന്നിൽ സുരേഷിന്റെ കത്ത്**

**(ഫയൽനം 632/ഡി.ബി3/15/തസ്വഭവ),(ഫയൽനം.521/ഡി.ബി.3/15/തസ്വഭവ)**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് മുട്ടാർ രാമങ്കരി പടവ് പാടശേഖര സമിതി 20 കലുങ്ക് നിർമ്മിക്കുന്നതിനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ആരോഗ്യ കുടുംബ ക്ഷേമ ആയുഷ് വകുപ്പ് സെക്രട്ടറിയുടെ കത്ത്**

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അടിസ്ഥാന യോഗ്യതയുള്ള യോഗ ട്രെയിനർമാക്ക് പ്രതിദിനം 300 രൂപ നൽകണമെന്ന ആവശ്യം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 അന്നമനട ഗ്രാമപഞ്ചായത്ത്**

**(ബഹു.കൊടുങ്ങല്ലൂർ എം.എൽ.എ. ശ്രീ. റ്റി.എൻ. പ്രതാപൻ മുഖാന്തിരം**

സൗഹൃദ തീരം പദ്ധതി ഉത്ഘാടനം ചെയ്യുന്നതിന് 2 ലക്ഷം രൂപ അനുവദിക്കണമെന്ന ആവശ്യം ഭരണ വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

**(ബഹു. മഞ്ചേശ്വരം എം.എൽ.എ ശ്രീ. പി.ബി. അബ്ദുൾ റസാഖ് മുഖാന്തിരം)**

2013–14 വർഷത്തെ സ്പിൽഓവർ പ്രവൃത്തികളുടെ ബില്ലുകൾ 31.03.2015–നകം സമർപ്പിച്ചിരിക്കണമെന്ന 18.03.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി പൊതുവിഷയം 2.3 തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. യഥാസമയം ബില്ലുകൾ സമർപ്പിക്കാൻ സാധിക്കാത്തതിനാൽ 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബില്ലു സമർപ്പിക്കാൻ അനുമതിയുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പട്ടാഴി ഗ്രാമപഞ്ചായത്ത്**

2007–08–ലെ വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും അലോട്ട്മെന്റുകൾ പത്തനാപുരം ട്രഷറിയിൽ ക്രഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ തുക ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിനെ സമീപിക്കാൻ പഞ്ചായത്തിനോട് നിർദ്ദേശിച്ചു. താൽക്കാലികമായി അക്കൗണ്ടിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് സുലേഖയിലെയും സാംഖ്യയിലെയും തുകകൾ ഒന്നാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ നൽകാൻ ഐ.കെ.എം നെ ചുമതലപ്പെടുത്തി .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മേപ്പയൂർ ഗ്രാമപഞ്ചായത്ത്**

2015 ഫെബ്രുവരിയിൽ നടന്ന മേപ്പയൂർ ഫെസ്റ്റിന് മുൻ വർഷങ്ങൾ പ്രകാരം 1 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിച്ചിരുന്നത് തികയാത്ത സാഹചര്യത്തിൽ ഈ വർഷം 2 ലക്ഷം രൂപ കൂടി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള ആവശ്യം വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ചെറുതാഴം ഗ്രാമപഞ്ചായത്ത്**

**(ബഹു. കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ.റ്റി.വി. രാജേഷ് മുഖാന്തിരം**

25.02.2014 ൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറും കണ്ണൂർ നിർമ്മിതി കേന്ദ്രം മെമ്പർ സെക്രട്ടറി (സബ് കളക്ടർ തലശ്ശേരി) ഒപ്പു വച്ച കരാറിന്റെ അടിസ്ഥാനത്തിൽ ഓഫീസ് കോംപ്ലക്സ് നിർമ്മാണം പുർത്തീകരിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പാലക്കാട് ജില്ലാ പഞ്ചായത്ത്**

തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട നിർദ്ദേശത്തിന് അനുമതി നൽകണമന്ന ആവശ്യം 17.06.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക വിഷയം 3.1 കോട്ടയം ജില്ലാ പഞ്ചായത്തിനുള്ള തീരുമാനം പാലക്കാട് ജില്ലയ്ക്കും ബാധകമാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 10.15ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം ഡിസംബർ 29–ന് (ചൊവ്വാഴ്ച) രാവിലെ 9 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**